ത്രിവിക്രമംഗലം ക്ഷേത്രത്തിനുസമീപമുള്ള ആറ്റുപുറമ്പോക്ക് ഭൂമി സ്വകാര്യവ്യക്തിക്ക് പതിച്ചുനൽകിയ സംഭവം

208 (7179) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ തിരുമല വില്ലേജിൽ ത്രിവിക്രമംഗലം ക്ഷേത്രത്തിനുസമീപമുള്ള ആറ്റുപുറമ്പോക്കുഭൂമി റീ-സർവ്വേക്കുശേഷം ഒരു സ്വകാര്യ വ്യക്തിക്കുപതിച്ചുനൽകിയതിനെതിരെ തിരുവിതാകൂർ ദേവസ്വം സ്പെഷ്യൽ തഹസിൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻ പ്രകാരം താലൂക്ക് സർവ്വെയർ ആറ്റുപുറമ്പോക്ക് പ്രത്യേകമായി അളന്നുതിരിച്ച് സ്കെച്ച് തയ്യാറാക്കി നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ സർക്കാർഭൂമി നഷ്ടപ്പെടാതെ അളന്ന് തിരിച്ച്, അവിടെയുള്ള മരങ്ങൾ നമ്പർ ഇട്ട് ഭൂമി അതിർത്തിതിരിച്ച് സർക്കാർഭൂമി ആയിത്തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് ത്രിവിക്രമംഗലം ക്ഷേത്രോപദേശക സമിതി ബഹു. മന്ത്രിക്ക് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല. തിരുമല വില്ലേജിൽ റീ-സർവ്വേ നിലവിൽ വന്നത് 2014 മാർച്ച്-1 നാണ്. എന്നാൽ ക്ഷേത്രോപദേശകസമിതിയുടെ പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) ക്ഷേത്രോപദേശക സമിതി 15-6-2012-ൽ നൽകിയ പരാതിയിന്മേൽ 26-6-2013-ന് സ്പെഷ്യൽ തഹസീൽദാർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെ.എൽ.സി. പ്രകാരം നടപടി സ്വീകരിക്കുന്നതിന് താലൂക്ക് സർവ്വേയർ മുഖാന്തിരം ക്ഷേത്രഭൂമിയും ആറ്റുപുറമ്പോക്കും പ്രത്യേകമായി അളന്നുതിരിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം അഡീഷണൽ തഹസീൽദാർക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly